(സി) കമ്പ്യൂട്ടർ പ്രവർത്തനക്ഷമമായിട്ടുള്ള ഓഫീസുകളിൽ ഇങ്ങനെ കാല താമസം ഉണ്ടാകുന്നില്ല.

(ഡി) നിലവിൽ പ്രവർത്തിക്കാത്ത കമ്പ്യൂട്ടറുകൾ പ്രവർത്തനക്ഷമമാക്കുവാ നുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കേന്ദ്ര സഹായം ലഭിക്കുന്ന ബ്ലോക്കുതല പദ്ധതികൾ

55(1531) ശ്രീ. എ. എ. അസീസ്:

ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ബ്ലോക്ക് പഞ്ചായത്തുവഴി നടപ്പിലാക്കുന്ന ഏതെല്ലാം പദ്ധ തികൾക്ക് കേന്ദ്രസഹായം ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

സംസ്ഥാനത്ത് ബ്ലോക്ക് പഞ്ചായത്തുകൾവഴി നടപ്പിലാക്കുന്ന സ്വർണ്ണ ജയന്തി ഗ്രാമ സ്വരോസ്ഗാർ യോജന, ഇന്ദിര ആവാസ് യോജന, സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന, ദേശീയ തൊഴിലിന് കൂലി ഭക്ഷണം പരിപാടി, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നീ പദ്ധതികൾക്ക് കേന്ദ്രസഹായം ലഭിക്കുന്നുണ്ട്.

ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി

56(1532) ശ്രീ. എ. കെ. ബാലൻ:

ശ്രീ. കോടിയേരി ബാലകൃഷ്ണൻ:

ശ്രീ. സാജു പോൾ:

ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോ ദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്നതിന് സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ പരിമിതമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെ ടുത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ഡി) ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ വിപണനം ഉന്നത നിലവാരം പുലർത്തുന്ന താക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തേയ്ക്ക് വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനു വേണ്ടി വിദേശത്ത് വച്ച് നടത്തുന്ന ട്രാവൽ മാർട്ടുകളിൽ പങ്കെടുക്കുകയും അതു വഴി കേരളത്തിലെ വിനോദസഞ്ചാരമേഖലയെക്കുറിച്ച് വിദേശികൾക്ക് വിശദാംശം നൽകുകയും ലഘുലേഖകൾ വിതരണം നടത്തുകയും ചെയ്തുവരുന്നു. കൂടാതെ ചില വിദേശ ട്രാവൽമാർട്ടുകളിൽ വിനോദനസഞ്ചാര വകുപ്പ് തദ്ദേശത്തെ പ്രമുഖരായ ടൂർ ഓപ്പറേറ്റർമാരെയും ട്രാവൽ ഏജന്റുമാരെയും ക്ഷണിച്ച് അവർക്ക് കേരളത്തെക്കുറിച്ച് ഒരു അവബോധം വളർത്തുന്നതിനുവേണ്ടി "റോഡ്ഷോ" സംഘടിപ്പിക്കാറുണ്ട്. പ്രമുഖ വിദേശ പത്ര മാധ്യമങ്ങളിലും ടെലിവിഷൻ ചാനലുകളിലും വകുപ്പ് പ്രചരണത്തിന്റെ ഭാഗമായി കേരളത്തിന്റെ മനോഹാരിത വെളിപ്പെടുത്തുന്ന ദൃശ്യങ്ങൾ പ്രദർശിപ്പിക്കാറുണ്ട്. കൂടാതെ ഇന്റർനെറ്റിലും വിനോദസഞ്ചാരവകുപ്പ് കേരളത്തെക്കുറിച്ചുള്ള പരസ്യം നൽകിയിട്ടുണ്ട്. അന്തർദ്ദേശീയ തലത്തിൽ സുപ്രസിദ്ധരായ മാദ്ധ്യമ പ്രവർത്തകരെ കേരളത്തിലേക്ക് ക്ഷണിച്ചുവരുത്തി വകുപ്പിന്റെ അതിഥിയായി താമസിപ്പിച്ച് കേരളത്തിലെ ടൂറിസം പ്രാധാന്യം മനസ്സിലാക്കുന്നതിനും അതുവഴി കേരളത്തെക്കുറിച്ച് വിദേശരാജ്യങ്ങളിൽ പ്രചാരണം നടത്തുന്നതിനും കഴിയുന്നുണ്ട്. വകുപ്പിന്റെ ഈവിധ പ്രവർത്തനം മൂലം സംസ്ഥാനത്തേയ്ക്ക് വിനോദസഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്നതിന് കഴിയുന്നുണ്ട്.

(ബി) ഉണ്ട്.

(സി, ഡി) ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വിപണന നിലവാരം ഉയർത്തുന്നതിനുംവേണ്ടി സംസ്ഥാന ഫണ്ടുപയോഗിച്ചും കേന്ദ്രസർക്കാരിന്റെ സഹായത്തോടുകൂടിയും ധാരാളം പദ്ധതികൾ ആവിഷ്ക്കരിച്ചുനടപ്പിലാക്കിവരുന്നു.

എക്കോ ടൂറിസം പ്രമോഷൻ പദ്ധതികൾ

57(1533) ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എക്കോ ടൂറിസം പ്രമോട്ട് ചെയ്യുന്നതിനുവേണ്ടി സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) ഇപ്രകാരം എത്ര എക്കോ ടൂറിസം പദ്ധതികളാണ് പരിഗണനിയിൽ ഉള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) പൂർണ്ണമായ തോതിൽ പ്രവർത്തനസജ്ജമായ എക്കോടൂറിസം പദ്ധതികൾ എതെല്ലാമെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IX

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 57(1533) കാണുക]

ജില്ല	ഇക്കോ ടൂറിസം സാധ്യതയുള്ള സ്ഥലങ്ങൾ	പൂർത്തിയായവ	വിവിധ ഘട്ടങ്ങളിലായി പണി പുരോഗമിക്കുന്നവ
തിരുവനന്തപുരം	അഗസ്ത്യാർ വനം ബയോളജിക്കൽ പാർക്ക് നെയ്യാർ വന്യജീവി സങ്കേതം പേപ്പാറ വന്യജീവി സങ്കേതം പൊന്മുടി അരിപ്പ	കല്ലാർ (പൊന്മുടി)	നെയ്യാർ വന്യജീവി സങ്കേതം പേപ്പാറ വന്യജീവി സങ്കേതം
കൊല്ലം	തെന്മല കുളത്തുപ്പുഴ അച്ചൻകോവിൽ പാലരുവി	തെന്മല പാലരുവി	
പത്തനംതിട്ട	കോന്നി പമ്പ കൊച്ചുപമ്പ		കോന്നി
ആലപ്പുഴ	ഗാന്ധിസ്മൃതിവനം (പുറക്കാട്)		
കോട്ടയം	കുമരകം		
ഇടുക്കി	കോലാഹലമേട്/പീരുമേട് കുട്ടിക്കാനം തേക്കടി മൂന്നാർ രാജമല/ഇരവികുളം ഇടുക്കി തൊമ്മൻകുത്ത് ചിന്നാർ	തേക്കടി തൊമ്മൻകുത്ത്	മൂന്നാർ രാജമല/ഇരവികുളം ചിന്നാർ

LIBRARY ARCHIVES Kerala Legislative Assembly

എറണാകുളം	ഭൂതത്താൻകെട്ട് തട്ടേക്കാട് പക്ഷി സങ്കേതം മംഗളവനം കോടനാട്		കോടനാട് (പാണേലി)
തൃശ്ശൂർ	ആതിരപ്പള്ളി വാഴച്ചാൽ ചിമ്മിണി പീച്ചി വാഴാനി ഷോളയാർ		ആതിരപ്പള്ളി വാഴച്ചാൽ ചിമ്മിണി
പാലക്കാട്	ചുള്ളന്നൂർ നെല്ലിയാംപതി സൈലന്റുവാലി പറമ്പിക്കുളം മലമ്പുഴ വാളയാർ		നെല്ലിയാംപതി പറമ്പിക്കുളം
മലപ്പുറം	നിലമ്പൂർ നെടുങ്കയം		നിലമ്പൂർ നെടുങ്കയം
കോഴിക്കോട്	കക്കയം പെരുവണ്ണാമൂഴി ചാലിയാർ		കക്കയം പെരുവണ്ണാമൂഴി
വയനാട്	തോൽപ്പെട്ടി മുത്തങ്ങ കുറുവാദ്വീപ് തിരുനെല്ലി ബാണാസുരകോട്ട വെള്ളരിമല മാനന്തവാടി		മുത്തങ്ങ
കണ്ണൂർ	പൈതൽമല ആറളം കൊട്ടിയൂർ കണ്ടൽക്കാടുകൾ റാണിപുരം	ആറളം	പൈതൽമല
കാസർഗോഡ്	റാണിപുരം പരപ്പ		

LIBRARY ARCHIVES Kerala Legislative Assembly